**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കൊല്ലം**

**മലയാളഭാഷ ശ്രേഷ്ഠഭാഷ**

**പത്രക്കുറിപ്പ്** **01 നവംബർ 2014**

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## വള്ളംകളി വിനോദസഞ്ചാര വികസനത്തിന് ഉണർവേകും

## -ലോക്സഭാ സ്പീക്കർ സുമിത്ര മഹാജൻ

വള്ളംകളി ഉൾപ്പെടെയുള്ള കായികവിനോദങ്ങൾ രാജ്യത്തെ വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവേകുമെന്ന് ലോക്സഭാ സ്പീക്കർ സുമിത്ര മഹാജൻ പറഞ്ഞു. കൊല്ലത്ത് അഷ്ടമുടിക്കായലിൽ നടന്ന നാലാമത് പ്രസിഡന്റ്സ് ട്രോഫി ജലോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

കായികവിനോദങ്ങൾ ജാതിമത, ദേശ ചിന്തകൾക്ക് അതീതമായി മനുഷ്യനെ ഏകോപിപ്പിക്കുന്നു. പ്രസിഡന്റ്സ് ട്രോഫി വള്ളംകളി നാട്ടുകാർക്കും വിദേശികൾക്കും ഒന്നുപോലെ പ്രിയപ്പെട്ട കായികമാമാങ്കമായി മാറിക്കഴിഞ്ഞു. വിദേശികൾക്കൊപ്പം ആഭ്യന്തര വിനോദസഞ്ചാരികളെക്കൂടി ആകർഷിക്കത്തക്കവിധത്തിൽ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കണം. ഇതിനുപുറമെ ശുചിത്വം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ശ്രദ്ധചെലുത്തുന്നത് ഈ മേഖലയുടെ വികസനത്തിന് ഊർജ്ജം പകരും- ലോക്സഭാ സ്പീക്കർ പറഞ്ഞു.

പ്രസംഗത്തിന്റെ തുടക്കവും അവസാനവും സ്പീക്കർ മലയാളത്തിൽ സംസാരിച്ചപ്പോൾ വള്ളങ്ങളിലെ തുഴച്ചിൽകാരും കാണികളുമുൾപ്പെടെയുള്ള ജനാവലി കരഘോഷംമുഴക്കി. എല്ലാവർക്കും മലയാളത്തിൽ കേരളപ്പിറവി ദിനാശംസകൾ നേർന്ന അവർ കേരളത്തിന്റെ മനോഹരമായ പ്രകൃതിയെയും ഇവിടുത്തെ സംഗീതം, നൃത്തം, ആയോധനകലകൾ, സാക്ഷരത എന്നിവയെ പ്രത്യേകം പരാമർശിക്കുകയുംചെയ്തു.

എൻ കെ പ്രേമചന്ദ്രൻ എം പി അധ്യക്ഷത വഹിച്ചു. തൊഴിൽ വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ പതാകയുയർത്തി. കൃഷിവകുപ്പ് മന്ത്രി കെ പി മോഹനൻ, മേയർ പ്രസന്ന ഏണസ്റ്റ്, കെ എൻ ബാലഗോപാൽ എം പി, എംഎൽഎ മാരായ പി കെ ഗുരുദാസൻ, എ എ അസീസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ് ജയമോഹൻ തുടങ്ങിയവർ പങ്കടുത്തു. ജില്ലാ കളക്ടർ പ്രണബ് ജ്യോതിനാഥ് സ്വാഗതം പറഞ്ഞു. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിലെ പ്രമുഖരും ജില്ലാതല ഉദ്യോഗസ്ഥരും സംഘാടക സമിതി അംഗങ്ങളും പങ്കെടുത്തു.

ജലോത്സവത്തെ ആധാരമാക്കി ജില്ലാ കളക്ടർ പ്രണബ്ജ്യോതി നാഥ് രചിച്ച ഇംഗ്ലീഷ് കവിതയുടെ മലയാള പരിഭാഷ കവി വാക്കനാട് സുരേഷ് ജലോത്സവ വേദിയിൽ അവതരിപ്പിച്ചു.

(പി.ആർ.കെ.നമ്പർ-1916/2014)

**മാതൃഭാഷാ പഠനത്തിന് പരമാവധി പ്രാധാന്യം നൽകണം**

**-എൻ കെ പ്രേമചന്ദ്രൻ എം പി**

മാതൃഭാഷയുടെ മാഹാത്മ്യം മനസ്സിലാക്കാനും ഭാഷാപഠനത്തിന് പരമാവധി പ്രാധാന്യം നൽകാനും തയ്യാറാകണമെന്ന് എൻ കെ പ്രേമചന്ദ്രൻ എം പി നിർദേശിച്ചു. കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പും ജില്ലാ ഭരണകൂടവും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി സംഘടിപ്പിച്ച ശേഷ്ഠഭാഷദിനാചരണവും മലയാളഭാഷാ വാരാചരണവും ഉദ്ഘാടനംചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാതൃഭാഷ പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമാണ്. അത് നിരാകരിച്ചുകൊണ്ടുള്ള പുരോഗതി ഗുണകരമാകില്ല. വികലധാരണകൾ മാറ്റി, നമ്മുടെ ഭാഷയും പൈതൃകവും സംസ്കാരവും നിലനിർത്തി മുന്നോട്ടുപോയാലേ ജീവിതം അർത്ഥപൂർണ്ണമാകൂ -അദ്ദേഹം പറഞ്ഞു.

സർക്കാർ ഫയലുകൾ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് ജീവനക്കാർ പരിശ്രമിക്കണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജില്ലാ കളക്ടർ പ്രണബ്ജ്യോതി നാഥ് നിർദേശിച്ചു. എ ഡി എം ബി ഉണ്ണികൃഷ്ണൻ ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ഡെപ്യൂട്ടി കളക്ടർ ജയചന്ദ്രൻ, സെന്റർ ഫോർ ഗാന്ധിയൻ സ്റ്റഡീസ് ആന്റ് റിസർച്ച് ജനറൽ സെക്രട്ടറി ജി ആർ കൃഷ്ണകുമാർ എന്നിവർ ആശംസയർപ്പിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ അബ്ദുൽ റഷീദ് സ്വാഗതവും കളക്ട്രേറ്റ് സ്റ്റാഫ് കൗൺസിൽ സെക്രട്ടറി തോമസുകുട്ടി നന്ദിയും പറഞ്ഞു. കവി വാക്കനാട് സുരേഷ് കവിത ആലപിച്ചു.

(പി.ആർ.കെ.നമ്പർ-1917/2014)

**മത്സ്യവിത്ത് നിക്ഷേപിച്ചു**

തലവൂർ ഗ്രാമപഞ്ചായത്തിലെ നെടുവത്തൂർ കടവിൽ കല്ലടയാറ്റിലും ചടയമംഗലം ശ്രീരംഗംകടവ്, പൂക്കോട്ട് കടവ്, അർക്കന്നൂർ ആറാട്ടുകടവ് എന്നിവിടങ്ങളിൽ ഇത്തിക്കരയാറ്റിലും മത്സ്യവിത്ത് നിക്ഷേപിച്ചു. നെടുവത്തൂർ കടവിൽ നടന്ന ചടങ്ങ് കെ ബി ഗണേഷ്കുമാർ എം എൽ എ ഉദ്ഘാടനം ചെയ്തു. ഫിഷറീസ് വകുപ്പിന്റെ മത്സ്യ കർഷക വികസന അതോറിറ്റി നൽകിയ 2.5 ലക്ഷം മത്സ്യവിത്തുകളാണ് ഇവിടെ നിക്ഷേപിച്ചത്. ചടങ്ങിൽ തലവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വടക്കോട് മോനച്ചൻ, അംഗങ്ങളായ നെടുവത്തൂർ സുനിൽ, റ്റി എം ബിജു, മേഴ്സി ജോൺ, സേവ്യർ കടകംപള്ളിൽ, അമ്പിളി ദാസപ്പൻ, കലാദേവി, ഡാനിയൽ, ബാലകൃഷ്ണൻ, റാണി, കോ-ഓർഡിനേറ്റർ ജോയിക്കുട്ടി തുടങ്ങിയവർ പങ്കെടുത്തു.

ചടയമംഗലത്ത് നടന്ന ചടങ്ങ് ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. ബി ശിവദാസൻപിള്ള ഉദ്ഘാടനം ചെയ്തു. പോളച്ചിറ നാഷണൽ ഫിഷ് സീഡ് ഫാമിൽ നിന്ന്

എത്തിച്ച മത്സ്യ വിത്തുകളാണ് ഇത്തിക്കരയാറ്റിൽ നിക്ഷേപിച്ചത്. കൊല്ലം ജില്ലാ പഞ്ചായത്തംഗം അഡ്വ ആർ ഗോപാലകൃഷ്ണപിള്ള, ചടയമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി എൽ രമാഭായി അമ്മ, ബ്ലോക്ക് പഞ്ചായത്തംഗം എം സത്താർ, ഗ്രാമപഞ്ചായത്തംഗം ലാലുകുമാർ, കോ-ഓർഡിനേറ്റർ സുധാമണി തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.കെ.നമ്പർ-1918/2014)

**അതുല്യം പദ്ധതി : ജില്ലയിൽ ഇരുപതിനായിരത്തിൽപ്പരം സംഘാടകർ**

അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയുടെ ജില്ലാതല ഓഫീസിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ് ജയമോഹൻ നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജഗദമ്മ ടീച്ചർ അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മായ സുരേഷ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ ബിജു കെ മാത്യു, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം ലീലാമ്മ, ജില്ലാ പഞ്ചായത്തംഗങ്ങൾ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ അനിൽകുമാർ, പദ്ധതി ജില്ലാ കോ-ഓർഡിനേറ്റർ ഡോ പി മുരുകദാസ്, അസി കോ-ഓർഡിനേറ്റർ ഡി ശാന്ത, കെ ആർ പി മാർ, സാക്ഷരതാ സമിതിയംഗങ്ങൾ, പ്രേരക്മാർ, പഠിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിക്ക് ജില്ലയിൽ ഇതുവരെ ഇരുപതിനായിരത്തിലധികം സംഘാടക പ്രവർത്തകരായി. ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലും വാർഡ് തലങ്ങളിലും സംഘാടക സമിതികൾ നിലവിൽ വന്നു. ഇതിന് പുറമേ 22 സംസ്ഥാന റിസോഴ്സ്പേഴ്സൺമാർ, 73 ജില്ലാ റിസോഴ്സ് പേഴ്സൺമാർ, 70 അക്കാദമിക് ഫാക്കൽറ്റി അംഗങ്ങൾ, 2000 ഇൻസ്ട്രക്ടർമാർ എന്നിവരും പദ്ധതിപ്രവർത്തനത്തിന് സജ്ജമായിക്കഴിഞ്ഞു.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ജില്ലാ തലത്തിൽ വിപുലമായ സംവിധാനം ഒരുക്കിയിട്ടുണ്ട്.

(പി.ആർ.കെ.നമ്പർ-1919/2014)

**അസൽ പ്രമാണ പരിശോധന**

സഹകരണ വകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർ ഓഫ് കോപ്പറേറ്റീവ്സ് (കാറ്റഗറി നമ്പർ 449/11) തസ്തികയുടെ ചുരുക്കപ്പട്ടികയിലെ സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ട വികലാംഗർ ഒഴികെയുള്ള കൊല്ലം ജില്ലയിലെ ഉദ്യോഗാർഥികളുടെ അസൽ പ്രമാണ പരിശോധന നവംബർ അഞ്ച്, ആറ്, 10, 11, 12, 13, 14, 15 തീയതികളിൽ രാവിലെ ഒൻപതുമുതൽ നടക്കും.

അഞ്ചിന് ഈഴവ (105343-107232), ആറിന് ഈഴവ (107235-110808), 10ന് ഈഴവ (110961-111395), എസ് സി (105005-110133), 11ന് എസ് സി (110265-111515), എസ് റ്റി (110931), മുസ്ലീം (105058-107010), 12ന് മുസ്ലീം (107041-109480), 13ന് മുസ്ലീം (109494-111501), എൽ സി/എ ഐ (104962-106347), 14ന് എൽ സി/എ ഐ (106349-110405), ഒ ബി സി (105001-106352), 15ന് ഒ ബി സി (106418-111529), വിശ്വകർമ്മ (105010-111525), ഒ എക്സ് (105078-111262), ധീവര (107197-109571). എന്ന

ക്രമത്തിലാണ് പരിശോധന. നവംബര്‍ നാലിനകം മെമ്മോ ലഭിക്കാത്തവര്‍ കൊല്ലം ജില്ലാ പി എസ് സി ഓഫീസുമായി നേരിട്ട് ബന്ധപ്പെടണം.

(പി.ആര്‍.കെ.നമ്പര്‍-1920/2014)

**ടെണ്ടറുകള്‍ ക്ഷണിച്ചു**

ശാസ്താംകോട്ട ഐ സി ഡി എസ്, ശാസ്താംകോട്ട അഡീഷണല്‍ ഐ സി ഡി എസ് ഓഫീസുകളിലേക്ക് ഉപകരണങ്ങള്‍ വിതരണം ചെയ്യുവാന്‍ താത്പര്യമുള്ളവരില്‍ നിന്നും ടെണ്ടറുകള്‍ ക്ഷണിച്ചു. അവസാന തീയതി നവംബര്‍ 21. വിശദ വിവരങ്ങള്‍ www.lsg.kerala.gov.in എന്ന വെബ്സൈറ്റിലും 0476-2837141, 9495071161 എന്നീ നമ്പരുകളിലും ലഭിക്കും.

(പി.ആര്‍.കെ.നമ്പര്‍-1921/2014)

**നാഷണല്‍ ഗെയിംസ്: കള്‍ച്ചറല്‍ ആന്റ് അവാര്‍ഡ് കമ്മിറ്റി യോഗം ഇന്ന് (02)**

നാഷണല്‍ ഗെയിംസിനോടനുബന്ധിച്ചുള്ള കള്‍ച്ചറല്‍ ആന്റ് അവാര്‍ഡ് കമ്മിറ്റിയുടെ യോഗം ഇന്ന് (നവംബര്‍ രണ്ട്) വൈകിട്ട് ആറിന് ജില്ലാ കളക്ടറുടെ ചേമ്പറില്‍ ചേരും.

(പി.ആര്‍.കെ.നമ്പര്‍-1922/2014)

(അവസാനിച്ചു)